## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 03.09.2025 മുതൽ 07.09.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 35/2025 (70) ചൊവ്വാഴ്ച | തീയ്യതി 02/09/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 03.09.2025 | 04.09.2025 | 05.09.2025 | 06.09.2025 | 07.09.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 4 | 3 | 2 | 1 | 1 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 4 | 3 | 4 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 340 | 290 | 290 | 320 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 7 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)

പൊതുനിർദേശങ്ങൾ:-. കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പൊക്കാളി) പാലുറക്കുന്ന പരുവം | തണ്ടു തുരപ്പൻ | ട്രൈക്കോഗ്രാമ്മ ജപോണിക്കം എന്ന മുട്ടപരാദത്തിൻറെ ട്രൈക്കോകാർഡുകൾ ഒരു ഹെക്ടറിന് 5 cc നിരക്കിൽ പറിച്ച് നട്ട് 15 മുതൽ 30 ദിവസം വരെ ആകുമ്പോൾ ആഴ്ചതോറും വെക്കുക. |
| നെല്ല് (വിരിപ്പ്) പാലുറക്കുന്ന പരുവം | ചാഴി | രണ്ടാം വിള ചെയ്യുന്നവർക്ക് ഞാറ്റടി തയ്യാറാക്കാനുള്ള സമയമാണിത്. ഒന്നാം കൃഷി വൈകി ഇറക്കിയവർ ചാഴിക്കെതിരെ സംരക്ഷണ നടപടികൾ എടുക്കേണ്ടതാണ്. മത്തി-ശർക്കര മിശ്രിതം 20 മി.ലി. ഒരു ലിറ്റർ വെള്ളത്തിനെന്നുള്ള തോതിൽ തളിക്കാവുന്നതാണ്.അല്ലെങ്കിൽ അസാഡിറാക്ടിൻ (3000 ppm) 10 മി.ലി. ഒരു ലിറ്റർ വെള്ളത്തിനെന്ന തോതിൽ തളിക്കാവുന്നതാണ്. |
| തെങ്ങ് | മണ്ടചീയൽ | നീർവാർച്ച ഉറപ്പുവരുത്തുക. മണ്ടചീയലിന് പ്രതിരോധ നടപടികൾ സ്വീകരിക്കുക |
| ഇഞ്ചി | മൃദു ചീയൽ, തണ്ട് തുരപ്പൻ പുഴു | മൃദു ചീയൽ, തണ്ട് തുരപ്പൻ പുഴു എന്നിവയ്ക്കെതിരെ സംരക്ഷണ നടപടികൾ കൈക്കൊള്ളുക. ബിവേറിയ, സ്യൂഡോമോണസ് എന്നിവ ഒന്നിടവിട്ട ആഴ്ച്ചകളിൽ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ തളിക്കാവുന്നതാണ്. |

മത്സ്യകൃഷി:- ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്കു എതിരെ ജാഗ്രത പുലർത്തുക. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടനടി വെറ്റിനറി ഡോക്ടറുടെ സഹായം തേടുക. തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക.